ഭരണഭാഷ-മാതൃഭാഷ

**തലശ്ശേരി മുനിസിപ്പാലിറ്റി**
**പിൻ കോഡ്- 670101**
**GSTIN:32AAALS3288A1ZA ഫോൺ നമ്പർ : 0490-2320051**
**https://thalasserymunicipality.lsgkerala.gov.in,**
**thalasserymunicipality@gmail.com**

നമ്പർ: 6652037-2026 **തീയതി** : 15-09-2026

## ഹ്രസ്വകാല ക്വട്ടേഷൻ പരസ്യം

തലശ്ശേരി നഗരസഭയുടെ 2026-27 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ പദ്ധതി പ്രകാരം എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഔദ്യോഗിക ആവശ്യത്തിലേക്ക് 8 മാസത്തേക്ക് കാർ പ്രതിമാസ വാടകയ്ക്ക് നൽകുവാൻ താൽപ്പര്യമുള്ള വാഹന ഉടമകളിൽ നിന്നും മത്സര സ്വഭാവമുള്ള മുദ്ര വെച്ച ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

**ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം-അസി.എഞ്ചിനീയർ,LSGD സെക്ഷൻ,തലശ്ശേരി നഗരസഭ**

**ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയ്യതി-24/09/2026 ന് 3.00 മണി വരെ**

**ക്വട്ടേഷൻ തുറന്ന് പരിശോധിക്കുന്ന സമയം-24/09/2026 ന് വൈകുന്നേരം 4.00 മണി.**

വ്യവസ്ഥകൾ

1. 1 മാസം പരമാവധി 2000 കി.മീ ദൂരം സഞ്ചരിക്കുന്നതിനുള്ള പ്രതിമാസ നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.
2. താൽക്കാലികമായി അംഗീകരിക്കപ്പെട്ട കരാറുകാരൻ സ്വന്തം ചെലവിൽ 200/- രൂപയുടെ മുദ്രപ്പത്രത്തിൽ ക്വട്ടേഷൻ അംഗീകരിച്ച് 7

ദിവസത്തിനുള്ളിൽ അന്തിമ കരാർ വയ്ക്കേണ്ടതാണ്.

3. ഇന്ധനചെലവ്,വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ,ഡ്രൈവറുടെ ശമ്പളം,ബാറ്ററി,വാഹനത്തിന്റെ ടാക്സ്,ഇൻഷുറൻസ് തുടങ്ങിയ എല്ലാ ചെലവുകളും കരാറുകാരൻ വഹിക്കേണ്ടതാണ്.ആയത് ഉൾപ്പെടെയുള്ള തുകയാണ് ക്വട്ടേഷനിൽ ക്വാട്ട് ചെയ്യേണ്ടത്.

4. വാഹനത്തിന്റെ ടാക്സി പെർമ്മിറ്റ് ഉൾപ്പെടെ നിയമ പരമായ എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതും ആയതിന്റെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

5. ഓഫീസ് മേലധികാരിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെ വന്നാൽ 7 ദിവസം മുമ്പ് നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ഓഫീസ് മേലധികാരിയിൽ നിക്ഷിപ്തമായിരിക്കും.

6. മികച്ച പ്രവർത്തന ക്ഷമതയുള്ളതും 2017 ന് ശേഷമുള്ള വാഹനവുമായിരിക്കണം.

7. വാഹനം എന്തെങ്കിലും അടിയന്തിര സാഹചര്യം മൂലം നൽകാൻ കഴിയാതെ വന്നാൽ പകരം സംവിധാനം കരാറുകാരൻ തന്നെ ഏർപ്പെടുത്തേണ്ടതാണ്.

8. അവധി ദിനങ്ങൾ ഉൾപ്പെടെ ഏതു ദിവസവും ഓഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതാണ്.

9. കരാർ സമയത്ത് അംഗീകരിക്കുന്ന നിരക്കിൽ കരാർ കാലയളവിൽ ഉണ്ടായേക്കാവുന്ന ഇന്ധന വില വർദ്ധനവ് പരിഗണിക്കുന്നതല്ല.

10. വാഹനത്തിന്റെ ലോഗ് ബുക്ക് ഓഫീസറുടെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതും യാത്ര സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

11. ഓഫീസിൽ നിന്ന് പുറപ്പെട്ട് ഓഫീസിൽ തിരിച്ചെത്തുന്ന ദൂരമായിരിക്കും കിലോമീറ്റർ കണക്കാക്കുന്നതിന് പരിഗണിക്കുക

12. ക്വട്ടേഷൻ ഇതോടൊപ്പം ചേർത്തിട്ടുള്ള മാതൃകാ ഫോറത്തിൽ സമർപ്പിക്കേണ്ടതാണ്.

ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ തലശ്ശേരി നഗരസഭ ഓഫീസിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും അറിയാവുന്നതാണ്.

MUNICIPAL OFFICE THALASSERY

അസി.എഞ്ചിനീയർ

തലശ്ശേരി നഗരസഭ

Assistant Engineer
Local Self Government Department
Thalassery Municipality